# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2363 08.07.2015-ൽ മറുപടിക്ക്**

**കടമക്കുടി പഞ്ചായത്തിലെ ശുദ്ധജലവിതരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എസ്.ശർമ്മ | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | കടമക്കുടി പഞ്ചായത്തിലെ ശുദ്ധജലവിതരണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) | ജിഡ ധനസഹായത്തോടുകൂടി കടമക്കുടി പഞ്ചായത്തിനു വേണ്ടിയുള്ള മൂപ്പത്തടം ശുദ്ധജല വിപുലീകരണ പദ്ധതി 2014 മെയ് മാസം കമ്മീഷൻ ചെയ്തു. പുതിയതായി മൂപ്പത്തടത്ത് സ്ഥാപിച്ച ജലശുദ്ധീകരണ ശാലയിൽ നിന്നുള്ളശുദ്ധജലം പിഴലയിൽ നിലവിലുള്ള ഉപരിതല ജലസംഭരണിയിൽ ശേഖരിച്ച് അവിടെ നിന്ന് പുതിയതായി സ്ഥാപിച്ച എച്ച്.ഡി.പി.ഇ. പമ്പിംഗ് മെയിനുകൾ വഴി കോതാട്, പിഴല പാലിയംതുരുത്ത് എന്നി ഉന്നതതല സംഭരണികളിലേക്ക് പമ്പ് ചെയ്ത് പഞ്ചായത്ത് പ്രദേശത്ത് വിതരണം നടത്തി വരുന്നു. |
| ബി) | മൂപ്പത്തടം ടാങ്ക് കമ്മീഷൻ ചെയ്യുന്നതിന് ശേഷം പഴയ പൈപ്പ് ലൈനിലൂടെ എല്ലായിടത്തും കുടിവെള്ളം ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ബി) | കടമക്കുടി പഞ്ചായത്തിൽ നിലവിലുള്ള വിതരണ ശൃംഖല വളരെ കാലപ്പഴക്കം വന്നതായതിനാൽ അധികമായി ലഭിച്ച ശുദ്ധജലം കാര്യക്ഷമമായി തുല്യ അളവിൽ എല്ലാ പ്രദേശങ്ങളിലും എത്തിക്കുവാൻ |

| | | | |
|---|---|---|---|
| | | | ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി കടമക്കുടി പഞ്ചായത്തിലെ മുഴുവൻ വിതരണ ശൃംഖലയും നവീകരിക്കുന്നതിന് വേണ്ടി ഏകദേശം 12 കോടിയോളം രൂപ വരുന്ന പുതിയ പദ്ധതിയുടെ രൂപകൽപന കേരള വാട്ടർ അതോറിറ്റി ചെയ്തുവരുന്നു. |
| സി) | പഴയ പൈപ്പ് ലൈൻ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുകയാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പദ്ധതി നടപ്പിൽ വരുന്നതിന് അടിയന്തരമായി അനുമതി നൽകുമോ ; | (സി) | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| ഡി) | വരാപ്പുഴ -കടമക്കുടി ലൈനിൽ കുറ്റമറ്റ രീതിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | ഡി) | ജിഡ ധനസഹായത്തോടുകൂടി നടപ്പിലാക്കിയ ടി പദ്ധതിയിൽ ഉൾ പ്പെടുത്തി മൂപ്പത്തടത്തുനിന്നും കടമക്കുടി പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള കോതാട്, പാലിയം തുരുത്ത് ടാങ്കുകളിൽ കയറ്റി നിലവിലുള്ള വിതരണ ശൃംഖലയുമായി യോജിപ്പിച്ച് ജലവിതരണം നടന്നു വരുന്നു. അത് പോലെ വരാപ്പുഴയിൽ മണ്ണംതുരുത്തിൽ നിർമ്മിച്ച ടാങ്ക് വഴി പഴയ വിതരണ ശൃംഖലയിൽകൂടി വരാപ്പുഴ പഞ്ചായത്തിലും ജലവിതരണം നടന്നുവരുന്നു. കടമക്കുടി പഞ്ചായത്തിലെ പിഴല ടാങ്കിന്റെ പണി പൂർത്തിയായിട്ടില്ല. എന്നിരുന്നാലും ടി. പ്രദേശത്ത് മറ്റ് സോണുകളിൽ നിന്ന് വാരാന്ത |

ക്രമീകരിച്ച് വെള്ളം
കൊടുത്തുവരുന്നു. കടമക്കുടി -
വരാപ്പുഴ പഞ്ചായത്തുകളിലെ
വിതരണ ശൃംഖലയിലെ
പൈപ്പുകൾ ബലവത്തല്ലാത്തതു
കൊണ്ടും വളരെയധികം
കാലപ്പഴക്കം ചെന്നതിനാലും
കൂടുതലായി എത്തിയ വെള്ളം
വിതരണം ചെയ്യാനുള്ള വ്യാസം
പൈപ്പുകൾക്കില്ലാത്തതിനാലും ടി
പഞ്ചായത്തുകൾക്ക് പുതിയ
പദ്ധതിയുടെ പൂർണ്ണ പ്രയോജനം
ലഭിച്ചിട്ടില്ല. വിതരണ ശൃംഖല
പുതുക്കി ബലവത്താക്കുന്ന
തിലേക്കായി വരാപ്പുഴയ്ക്ക് 15
കോടി രൂപയുടെയും കടമക്കുടിയ്ക്ക്
12 കോടി രൂപയുടെയും പ്രോജക്ട്
റിപ്പോർട്ട് കേരള ജല
അതോറിറ്റി തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ